LIBRARY ARCHIVES Kerala Legislative Assembly

പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറി

129 (435) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂവുടമകളായ ആർക്കെങ്കിലുമെതിരെ സംസ്ഥാനത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടയഭൂമിയിൽ നിന്നും അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂവുടമകളായവർക്കെതിരെ വയനാട് സൗത്ത് ഡിവിഷനിൽ 15 കേസ്സുകളും കാസർഗോഡ് ഡിവിഷനിൽ 5 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഈ കേസ്സുകൾ സംബന്ധിച്ചുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ടി കേസ്സുകൾ സംബന്ധിച്ചുള്ള അന്വേഷണം പ്രാരംഭഘട്ടത്തിലാണ്.

മരം മുറിച്ചു കടത്തിയതിന് കേസ്

130 (436) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പാലക്കാട്, വയനാട്, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 24-10-2020-ന് ശേഷം പട്ടയ ഭൂമിയിൽ നിന്നും ഈട്ടി/തേക്ക്/എബണി/ചന്ദനം എന്നീ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തിയതിന് എത്ര കേസ്സുകളാണ് എടുത്തിരിക്കുന്നതെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

അനധികൃതമായി മരങ്ങൾ മുറിച്ചുകടത്തിയതിന് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.